വച്ച കരാറിന്റെ അടിസ്ഥാനത്തിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഓർഡർ നൽകിയിട്ടുള്ളത്. ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ടെണ്ടർ ക്ഷണിക്കാറില്ല.

(സി) ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് കെ.എസ്.ഇ.ബി.യുടെ വികസനരംഗത്തെക്കുറിച്ച് മൊത്തമുള്ള പഠനറിപ്പോർട്ടാണ്. ഈ ശുപാർശ 2/97-ൽ ആണ് സർക്കാരിന് കിട്ടിയത്. അത് വിശദമായ പരിശോധനയ്ക്കായി ബോർഡിന് നൽകിയിരിക്കയാണ്. ഈ റിപ്പോർട്ട് കിട്ടുന്നതിനുമുമ്പ് 10.8.95-ൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി കൈക്കൊള്ളുകയും എസ്.എൻ.സി.ലാവ്‌ലിൻ എന്ന കമ്പനിക്ക് 24.2.96-ൽ കരാർ നൽകുകയും ചെയ്തു. ഈ കരാറിലെ അടങ്കൽത്തുകയും മറ്റു നിരക്കുകളും അന്താരാഷ്ട്ര നിരക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ സാധൂകരിക്കാവുന്നതാണ് എന്നതായിരുന്നു നാഷണൽ ഹൈഡ്രോ കോർപ്പറേഷൻ നൽകിയ റിപ്പോർട്ടിന്റെ അന്തസത്ത.

(ഡി) എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയുമായി ഒപ്പുവച്ച കരാർപ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഇ.സി.യുടേയും, എസ്.എൻ.സി. ലാവ്‌ലിന്റേയും എൻജിനീയർമാരടങ്ങുന്ന ഒരു സംയോജിത പ്രോജക്ട് മാനേജ്മെന്റ് ഓഫീസ് കെ.എസ്.ഇ.ബി. ആസ്ഥാനത്ത് പ്രവർത്തിക്കേണ്ടതുണ്ട്. പ്രസ്തുത ഓഫീസിനുവേണ്ടിയാണ് കരാർപ്രകാരം ഓഫീസും ഔദ്യോഗിക വാഹനങ്ങളും ലഭ്യമാക്കിയിട്ടുള്ളത് എന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

108 (3291) ജലവൈദ്യുത പദ്ധതികൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി എന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ഇൻഡസ്ട്രിയൽ റിലേഷഷൻസ് കമ്മിറ്റിയും ജനകീയ സമിതിയും രൂപീകരിക്കാറുണ്ട്. കൂടാതെ ജോയിന്റ് ലേബർ കമ്മിഷണറുടെ സേവനവും വേണ്ട സമയങ്ങളിൽ ഉപയോഗപ്പെടുത്താറുണ്ട്. ബോർഡ് സെക്രട്ടേറിയറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പദ്ധതികളുടെ പ്രവർത്തനപുരോഗതി നിരന്തരം അവലോകനം ചെയ്യുകയും ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യാറുണ്ട്. ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പീരിയോഡിക്കൽ റിവ്യൂ മീറ്റിംഗ് കൂടുകയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി പവർ സെക്രട്ടറി ചെയർമാനായുള്ള സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും നടപടികൾ നടന്നു വരികയും ചെയ്യുന്നു. ഇതിനുപുറമേ ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി അനുമതി നൽകുന്നതിനായി ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly